## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2608** **18.08.2017-ൽ മറുപടിക്ക്**

## <u>തുരുത്തി - കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

| <u>ചോദ്യം</u><br>ശ്രീ. ഇ.കെ.വിജയൻ | | <u>ഉത്തരം</u><br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നാദാപുരം മണ്ഡലത്തിൽ 2016-17 ബഡ്ജറ്റിൽ അനുവദിച്ച കണ്ണൂർ - കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന തുരുത്തി - കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) ഇതോടനുബന്ധിച്ചുള്ള തുരുത്തി മുക്ക് - കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) & (ബി) | 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും കിഫ്ബി വഴി നടപ്പിലാക്കാൻ നിർദ്ദേശിച്ചതുമായ തുരുത്തിമുക്ക് - കരിയാട് തുരുത്തി - കരിയാട് പാലങ്ങളുടെ നിർമ്മാണത്തിന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മയ്യഴിപ്പുഴയ്ക്ക് കുറുകെ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മണ്ഡലത്തിൽപ്പെട്ട പാനൂർ മുനിസിപ്പാലിറ്റിയെയും കോഴിക്കോട് ജില്ലയിലെ വടകര മണ്ഡലത്തിൽപ്പെട്ട ഏറാമല പഞ്ചായത്തിനെയും നാദാപുരം മണ്ഡലത്തിൽപ്പെട്ട എടച്ചേരി പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് പാലങ്ങളും കൂടിചേർത്ത് ഏകദേശം 'Y' ആകൃതിയോട് കൂടിയ ഒരു പാലത്തിനാണ് രൂപ കല്പന ചെയ്തിട്ടുള്ളത്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗതിയിലാണ്. അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പരിശോധന പുരോഗമിക്കുകയാണ്. പരിശോധന റിപ്പോർട്ട് ലഭ്യമായതിന് ശേഷം മാത്രമെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) ഇരു പാലങ്ങളുടെയും പണി പൂർത്തീകരിച്ച് എന്നത്തേക്ക് ഉദ്ഘാടനം നടത്താൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | പാലത്തിന്റെ ഡിസൈൻ ലഭ്യമായതിന് ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

S. Binod

**സെക്ഷൻ ഓഫീസർ**